നമ്പർ.എച്ച്2/44444/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം., തീയതി.22/01/2018.

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - എയ്ഡഡ് - അധിക തസ്തികകളിൽ നിയമനാംഗീകാരം ലഭിച്ചവർ സംരക്ഷണാനുകൂല്യമില്ലാതെ പുറത്തായതു സംബന്ധിച്ച്

സൂചന : 1. 29/01/2016-ലെ സ.ഉ(പി) നമ്പർ 29/2016/പൊ.വി.വ
2. ഈ കാര്യാലയത്തിൽ നിന്നുള്ള 08/01/2016-ലെ ഇതേ നമ്പർ കത്ത്

സൂചനയിലെ കത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2011-12 മുതൽ 2014-15 വരെ അധിക തസ്തികകളിൽ നിയമനാംഗീകാരം നേടുകയും 2015-16, 2016-17, 2017-18 വർഷങ്ങളിൽ തസ്തിക നഷ്ടം വന്ന് പുറത്താവുകയും ചെയ്ത ജീവനക്കാരുടെ വിവരങ്ങളാണ് Form I-ൽ രേഖപ്പെടുത്തി ക്രോഡീകരിച്ച് നൽകാൻ ഈ കത്തിലൂടെ നിർദേശിച്ചിരുന്നത്. 2012-13 മുതൽ 2014-15 വരെയുള്ള വർഷങ്ങളിൽ തസ്തിക നഷ്ടമായി പുറത്തായവരുടെ വിവരങ്ങൾ ഈ ഫോറത്തിൽ ചേർക്കാൻ കത്തിൽ നിർദേശിച്ചിരുന്നില്ല. അത് ഈ കാര്യാലയത്തിൽ നിന്നു സംഭവിച്ച ഒരു പിശകായിരുന്നു.

ആയതിനാൽ 2011-12 മുതൽ 2014-15 വരെയുള്ള വർഷങ്ങളിൽ അധിക തസ്തികകളിൽ നിയമനാംഗീകാരം നേടിയവരിൽ 2012-13, 2013-14, 2014-15 വർഷങ്ങളിൽ തസ്തിക നഷ്ടം വന്നു പുറത്തായവരുടെ വിവരങ്ങൾ കൂടി അടിയന്തരമായി ലഭ്യമാക്കണം. ഇതിനായി ഫോറം നമ്പർ I, III എന്നിവ തന്നെ ഉപയോഗിക്കുക.

**ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ മേൽപറഞ്ഞ പൂരിപ്പിച്ച ഫോറങ്ങൾ 25/01/2018-നകം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്കും അദ്ദേഹം അവയിലെ വിവരങ്ങൾ ക്രോഡീകരിച്ച് 27/01/2018 വൈകീട്ട് 5 മണിക്ക് മുമ്പ് ഡയറക്ടറേറ്റിലും എത്തിക്കേണ്ടതാണ് (hsectiondpi@gmail.com). 2015-16 മുതൽ തസ്തിക നഷ്ടമായവരുടെ വിവരങ്ങൾ ഇതിനകം സമർപ്പിക്കപ്പെട്ടതിനാൽ 2014-15 വരെ പുറത്തായവരുടെ വിവരങ്ങൾ മാത്രമേ ഇനി സമർപ്പിക്കേണ്ടതുള്ളൂ** എന്ന വിവരം പ്രത്യേകം ശ്രദ്ധിക്കുക.

വിശ്വസ്തതയോടെ

**ജെസ്സി ജോസഫ്**
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**

ഉള്ളടക്കം :

ഫോറങ്ങൾ I, III (Excel format)